## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.478 | 17/05/2017 ൽ മറുപടിക്ക് |
|---|---|

### പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ<br>,, ഇ.പി.ജയരാജൻ<br>,, ബി.സത്യൻ<br>,, ആന്റണി ജോൺ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരാതികളിന്മേൽ അന്വേഷണം മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. |
| (ബി) | പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി ചേർന്ന് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | ഒരു കോടിയിലധികം രൂപയ്ക്ക് മേലുള്ള അഴിമതി കണ്ടെത്താൻ സഹായിക്കുന്ന വ്യക്തിക്ക് 5 ലക്ഷം രൂപ നൽകുന്ന "Whistle Blowers Award" ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ